# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 60        10/06/2014 - ൽ മറുപടിയ്ക്ക്**

**ആദിവാസി ക്ഷേമത്തിനുള്ള ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. ആർ. രാജേഷ് | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) | |
| (എ) | ആദിവാസി ക്ഷേമത്തിനായുള്ള ഫണ്ടുകൾ ആദിവാസി മേഖലയിൽ തന്നെ വിനിയോഗിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും വകയിരുത്തപ്പെട്ട ഫണ്ട് വിനിയോഗിക്കാൻ കഴിയാതിരുന്നിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്.<br>ഈ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 94.18%, 99.23%, 97.04% തുക ഫലപ്രദമായ രീതിയിൽ വിനിയോഗിച്ച് പദ്ധതി പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിൽ അനുവദിക്കപ്പെട്ട ഫണ്ടുകൾ യഥാവിധി ഉപയോഗിച്ചിരുന്നുവെങ്കിൽ ആദിവാസികളുടെ ജീവിത സാഹചര്യം ഇന്നത്തെ സ്ഥിതിയിൽ നിന്നും എത്രത്തോളം മെച്ചപ്പെട്ടതാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | പട്ടികവർഗ്ഗ വികസനത്തിന് അനുവദിക്കുന്ന ഫണ്ട് യഥാവിധി ഉപയോഗിച്ചതിനാൽ പട്ടികവർഗ്ഗ സമൂഹത്തിന്റെ വിദ്യാഭ്യാസം, ഭവന നിർമ്മാണം, സ്വയംതൊഴിൽ കണ്ടെത്തൽ, നൈപുണ്യ വികസനം, പട്ടിക വർഗ്ഗ മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനം എന്നിങ്ങനെ എല്ലാ മേഖലകളിലും സ്ഥായിയായ അഭിവൃദ്ധി കൈവരിച്ചിട്ടുണ്ട്. |
| (സി) | ആദിവാസികൾക്ക് അനുവദിക്കുന്ന ഫണ്ടുകൾ പ്രസ്തുത മേഖലയിൽ തന്നെ പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടെന്നുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നിയോജകമണ്ഡലടിസ്ഥാനത്തിൽ ബഹു. എം. എൽ. എമാർ, മറ്റ് ജനപ്രതിനിധികൾ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ മോണിറ്ററിംഗും വിലയിരുത്തലും നടത്തി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതി ജില്ലാ ഓഫീസർമാരെ പങ്കെടുപ്പിച്ച് നടത്തിപ്പ് വിലയിരുത്തലിനായി അവലോകന |

| | | | |
|---|---|---|---|
| | | | യോഗം എല്ലാ മാസവും നടത്തുന്നുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ തന്നെ തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി വകുപ്പുതല അവലോകന യോഗങ്ങളും നടത്തുന്നുണ്ട്.<br><br>സർക്കാർ ഉത്തരവ് (സാധാ) നം. 1192/2012/പജപവവിവ തീയതി 07/09/12 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാൻ & കൺവീനറും ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായ ഒരു കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതീക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.<br><br>ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്.<br><br>ഈ പ്രവർത്തനങ്ങളിലൂടെ പട്ടികവർഗ്ഗ വികസനത്തിന് അനുവദിക്കുന്ന തുക പ്രസ്തുത മേഖലയിൽ തന്നെ പൂർണ്ണമായും ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് കഴിയുന്നുണ്ട്. |
| (ഡി) | തന്നാണ്ടിലെ പദ്ധതികൾ ഓരോന്നും ഇതിനകം എത്രത്തോളം നേട്ടം കൈവരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (ഡി) | നടപ്പ് സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നിർവ്വഹണത്തിന്റെ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ